# പതിനാലാം കേരള നിയമസഭ
# പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:879

04.03.2020-ലെ മറുപടി

**മീനാട് കുടിവെള്ള പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി പി. അയിഷാ പോറ്റി | | കെ. കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | മീനാട് കുടിവെള്ള പദ്ധതിക്ക് ഭരണാനുമതി ലഭിച്ചത് എന്നാണെന്നും അടങ്കൽ തുക എത്രയായിരുന്നുവെന്നും അറിയിക്കാമോ; | (എ) | ജിക്ക ധനസഹായത്തോടെ നടപ്പിലാക്കിയ അഞ്ച് പദ്ധതികൾക്കായി 15.10.1997 ൽ 1787.45 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പിന്നീട് ഈ പദ്ധതികൾക്കായി 20.10.2009-ൽ പുതുക്കിയ അടങ്കൽ തുകയായ 2987 കോടി രൂപയും നൽകിയിട്ടുണ്ട്. ഇതിൽ മീനാട് പദ്ധതിക്കായി 295.6 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മീനാട് പദ്ധതിയിൽ വിതരണശൃംഖലയുടെ ബാക്കി പണികൾ ഒഴികെയുള്ള പാക്കേജുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പണികൾക്ക് 64.27 കോടി രൂപയാണ് അടങ്കൽതുക. |
| (ബി) | നടപടിക്രമങ്ങൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചത് എന്നാണെന്നും നിർമ്മാണം ഏറ്റെടുത്തത് ആരാണെന്നും വെളിപ്പെടുത്തുമോ; | (ബി) | മീനാട് വിതരണശൃംഖലയുടെ പ്രവൃത്തികൾ ആരംഭിച്ചത് 30.09.2006-ൽ ആണ്. ഇതിന്റെ നിർമ്മാണം ഏറ്റെടുത്തത് രാമകൃഷ്ണ കോൺട്രാക്ടേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, ഹൈദ്രാബാദ് എന്ന സ്ഥാപനമാണ്. |
| (സി) | ആദ്യം നിർമാണം ഏറ്റെടുത്തവർ പദ്ധതി ഉപേക്ഷിക്കാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ; | (സി) | വിതരണശൃംഖലയുടെ പ്രവർത്തന പുരോഗതി മന്ദഗതിയിൽ ആയതിനാൽ 03.09.2011 ൽ കേരള വാട്ടർ അതോറിറ്റി രാമകൃഷ്ണ കോൺട്രാക്ടേഴ്സിന്റെ കരാർ അവസാനിപ്പിച്ചു. |
| (ഡി) | പദ്ധതി പാതിവഴിയിൽ ഉപേക്ഷിച്ചതിന് അവർക്കെതിരെ നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകുമോ; | (ഡി) | ആദ്യ കരാറുകാരൻ പദ്ധതി പാതി വഴിയിൽ ഉപേക്ഷിച്ചപ്പോൾ അവരുടെ ബാങ്ക് ഗ്യാരന്റി encash ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു. ഇതിനെതിരെ കരാറുകാരൻ ബാങ്കിനെ കൂടി കക്ഷി ചേർത്ത് തിരുവനന്തപുരം സബ് കോർട്ടിൽ നൽകിയിട്ടുള്ള കേസ് (OS No.4/2014) ഇതുവരെയും തീർപ്പായിട്ടില്ല. |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (ഇ) | പ്രവൃത്തി റീടെണ്ടർ ചെയ്തിരുന്നോ; അതിന്റെ വിശദാംശങ്ങളും പദ്ധതിയുടെ നിലവിലെ സ്ഥിതിയും വെളിപ്പെടുത്തുമോ? | (ഇ) | പ്രവൃത്തി റീടെണ്ടർ ചെയ്തിരുന്നു. ആദ്യകരാറുകാരൻ പണി ഉപേക്ഷിച്ച് പോയതിനാൽ 2012 ൽ M/s. Tecpro Infra Projects Ltd, Kochi എന്ന കമ്പനിക്ക് ആദ്യ കരാറുകാരന്റെ റിസ്ക് ആൻഡ് കോസ്റ്റ് അടിസ്ഥാനത്തിൽ കരാർ നൽകുകയും ചെയ്തു. എന്നാൽ M/s. Tecpro Infra Projects Ltd പണികൾ യഥാസമയം തീർക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ അവരുമായുള്ള കരാർ 31.07.2017 ൽ അവസാനിപ്പിക്കുകയുണ്ടായി. അവശേഷിക്കുന്ന പണികൾ പൂർത്തീകരിക്കുന്നതിനായി M/s. Tecpro യുടെ റിസ്ക് ആൻഡ് കോസ്റ്റ് അടിസ്ഥാനത്തിൽ ഒക്ടോബർ 2018 ൽ M/s.Shibu Zacharia Multitech Services JV ക്ക് നൽകി. ഇപ്പോൾ പ്രവൃത്തി നടന്നുവരുന്നു. 2020 ഏപ്രിലിൽ ഇവരുടെ കരാർ അവസാനിക്കുന്നതാണ്. |

Prijith.K

**സെക്ഷൻ ഓഫീസർ**